മൂലധനവുമായി തദ്ദേശീയ സമൂഹങ്ങൾക്കുണ്ടാവുന്ന വൈരുധ്യങ്ങൾ പരിഹരിക്കാൻ പ്രായോഗികമായ സംവിധാനങ്ങൾ ഉണ്ടാകണം. അതിൽ ഏറ്റവും പ്രധാനം പരിസ്ഥിതി സമരങ്ങളിൽ പോലീസ് ഇടപെടുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമ നിർമ്മാണമാണ്.

**ഡോ. ടി.ടി. ശ്രീകുമാർ**

# പരിസ്ഥിതി സമരങ്ങളിൽ പോലീസ് ഇടപെടരുത്

**കാതിക്കുടത്തെ** നിഷ്ഠൂരമായ പോലീസ് മർദ്ദനം ഉയർത്തുന്ന ചോദ്യങ്ങൾ നിരവധിയാണ്. പൗരാവകാശങ്ങൾക്ക്മേലുള്ള കടന്നു കയറ്റം എന്നതിലുപരി, പൗരത്വം തന്നെയാണ് ഇവിടെ ചോദ്യം ചെയ്യപ്പെട്ടിരിക്കുന്നത്. അധികാരത്തിലേക്കുള്ള എളുപ്പവഴിയായി ജനാധിപത്യ സംവിധാനങ്ങളെ വെല്ലുവിളിക്കുകയും, അഹിംസാത്മക നീക്കങ്ങൾ നടത്തുകയും ചെയ്ത ഒരു സമരമായിരുന്നില്ല അത്. സമരത്തിൽ പങ്കെടുക്കാത്തവരുടെ നേരെ ബലം പ്രയോഗിക്കുകയോ ആരുടെയെങ്കിലും സ്വാതന്ത്ര്യം ഹനിക്കുകയോ ചെയ്യുന്ന സമരമായിരുന്നില്ല. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ പരിപാടികൾക്കെതിരെയോ രാഷ്ട്രീയ എതിരാളികൾക്കെതിരെയോ നടത്തിയ അക്രമ സമരമായിരുന്നില്ല. സമരത്തിനെതിരെ നാമമാത്രമായിപ്പോലും ഭരണകൂട ഇടപെടൽ ഉണ്ടാവേണ്ട ഒരു അഴകൊഴമ്പൻ ന്യായം പോലും അവിടെ പ്രസക്തമായിരുന്നില്ല.

ഒരു തദ്ദേശീയ സമൂഹത്തിന്റെ ജീവിതോത്കണ്ഠകളുടെ പ്രതിസ്ഫുരണമായിരുന്നു ആ സമരം. സ്വന്തം അസ്തിത്വം ചോദ്യം ചെയ്യപ്പെട്ട, സ്വന്തം ആരോഗ്യവും ഭാവിയും ആശങ്കാകുലമാക്കപ്പെട്ട ഒരു ജനതയുടെ ദീർഘനാളായി തുടർന്ന് വരുന്ന അതിജീവന സമരത്തിന്റെ തുടർച്ച മാത്രമായിരുന്നു. ഇതിന്റെ മറുതലക്കൽ ഉള്ളത് നിയമങ്ങൾ ലംഘിക്കുന്നു എന്ന് പൊതുജനങ്ങൾ പരാതിപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ്. അതിന്റെ മൂലധന താൽപ്പര്യമാണ്. ചുറ്റുപാടുമുള്ള ജനങ്ങൾക്ക് എന്തുവന്നാലും സാരമില്ല, തങ്ങളുടെ സൗകര്യത്തിനു മാത്രമേ പ്രാധാന്യം നൽകുകയുള്ളൂ എന്ന ദുശ്ശാഠ്യം വച്ച് പുലർത്തുന്ന ഒരു മാനെജ്മെന്റാണ്. അത് ജനങ്ങളും മൂലധനവും തമ്മിലുള്ള സമരമായിരുന്നു. ഇവിടെ ഭരണകൂട ഭീകരതയ്ക്ക് എന്താണ് സ്ഥാനം? ഒരു ചെറിയ ഫാക്ടറി മുതലാളിക്ക് വേണ്ടി തൊഴിലാളികളെ വെടിവച്ചു കൊല്ലുക വരെ ചെയ്യുന്ന ഒരു കാലം ഉണ്ടായിരുന്നു കേരളത്തിൽ. 1957ലെ ഗവർൺമെന്റും അത് ചെയ്തപ്പോളാണ്, ഇ.എം.എസ് ആ വെടിവയ്പ്പിനെ (ചന്ദനത്തോപ്പ്) ശരിവച്ചപ്പോഴാണ് ഭരണകൂടം എന്നത് എന്താണെന്ന പുതിയ അവബോധം മലയാളിക്കുണ്ടായത്. ആ കഥ തുടർക്കഥയവാൻ കേരളം സമ്മതിച്ചിട്ടില്ല. കേരളത്തിന്റെ ജനാധിപത്യ പാരമ്പര്യം സമ്മതിച്ചിട്ടില്ല. കരുണാകരനെ, നായനാരെ, ആന്റണിയെ, ജനകീയ സമരങ്ങൾക്ക് നേരെ തോക്കെടുത്ത, സമരങ്ങളെ ചോരയിൽ മുക്കിയ ഭരണാധികാരികളെ മനുഷ്യാവകാശ ബോധമുള്ളവർ തുറന്നെതിർത്തിട്ടുണ്ട്.

ആ രൂക്ഷമായ എതിർപ്പിന്റെ മുന ഉമ്മൻ ചാണ്ടിക്കെതിരെ തിരിയേണ്ടി ഇരിക്കുന്നു. എന്നാൽ ഇനി അങ്ങോട്ട് അതുമാത്രം പോരാ. മൂലധനവുമായി തദ്ദേശീയ സമൂഹങ്ങൾക്കുണ്ടാവുന്ന വൈരുധ്യങ്ങൾ പരിഹരിക്കാൻ കൂടുതൽ പ്രായോഗികമായ സംവിധാനങ്ങൾ ഉണ്ടാകണം. അതിൽ ഏറ്റവും പ്രധാനം പരിസ്ഥിതി സമരങ്ങളിൽ പോലീസ് ഇടപെടുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമ നിർമ്മാണമാണ്.

തൊഴിൽ സമരങ്ങളിൽ പോലീസ് ഇടപെടാൻ പാടില്ല എന്ന നിയമം, ഒരു വലിയ പരിധി വരെ തൊഴിൽ മേഖലയിൽ മൂലധനത്തിന് തൊഴിലാളി യൂണിയനുകളുമായി ഇണങ്ങിപ്പോകാനുള്ള സാഹചര്യം ഉണ്ടാക്കിയിരുന്നു. അതിന്റെ മാതൃകയിൽ, പാരിസ്ഥിതിക സമരങ്ങളിൽ പോലീസ് ഇടപെടുന്നതിനെതിരെ അടിയന്തിരമായ നിയമ നിർമ്മാണം ഉണ്ടാവണം. ഇതിന് നീക്കുപോക്ക് പാടില്ല. കാതിക്കുടത്തെ അതിക്രമത്തിനു നേതൃത്വം കൊടുത്ത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും അതിക്രമത്തിനു ഇരയായയവർക്ക് സൗജന്യ വൈദ്യസഹായവും നഷ്ടപരിഹരവും പ്രഖ്യാപിക്കുകയും ചെയ്യണം. ■

### നിരാഹാരം തുടരുന്നു

ലാത്തി ചാർജ്ജിനെ തുടർന്ന് ജൂലായ് 25-ാം തീയതി മുതൽ കമ്പനിപ്പടിക്കൽ വീണ്ടും ഉപരോധ സമരം ആരംഭിച്ചു. ആദ്യദിവസം ഉപരോധ സമരം നടത്തിയവർ അറസ്റ്റ് വരിച്ച് ജയിലിൽ പോകുകയും ജയിലിൽ നിരാഹാര സമരം നടത്തുകയും ചെയ്യുകയാണ്. ബാബുനമ്പാടൻ, സി.വി. രമേഷ്, മിനി വിജയൻ, ഗിരിജാ ലോഹിതാക്ഷൻ, ഐഷാബീവി എന്നിവരാണ് ജയിലിൽ നിരാഹാരം തുടരുന്നത്.